(ബി) ഫിഷറീസ് ഇൻസ്പെക്ടർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നിവർ ഉൾപ്പെടുന്ന ഒരു ടീമിനെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഫിഷറീസ് ഡയറക്ടറേറ്റിലും ജില്ലാ ആസ്ഥാനങ്ങളിലും നിയമിച്ച് പ്രസ്തുത വിവര വിനിമയ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ ഓഫീസുകളിൽ അന്വേഷണവിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഫിഷറീസ് ഡയറക്ടറേറ്റിൽ അന്വേഷണവിഭാഗം ഏർപ്പെടുത്തുന്നതാണ്.

(ബി) ഫിഷറീസ് ഡയറക്ടറേറ്റിലെ പ്രൊപ്പഗൻഡ അസിസ്റ്റന്റിനെ നിലവിലുള്ള അനുബന്ധ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നിയോഗിക്കുന്നതാണ്.

വിദേശ കപ്പലുകൾ വാടകയ്ക്കെടുത്ത് ട്രോളിംഗ്

170 [1109] *ശ്രീ. കെ. എ. ചന്ദ്രൻ:*
,, ടി. എൻ. പ്രതാപൻ:
,, ഇ. എം. അഗസ്തി:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കടൽത്തീരത്തും പുറംകടലിലും മത്സ്യബന്ധനം നടത്തുന്നതിന് എത്ര വിദേശകപ്പലുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്;

(ബി) ഇന്ത്യൻ കമ്പനികൾക്ക് മീൻപിടിക്കാൻ നൽകുന്ന ലൈസൻസ് ഉപയോഗിച്ച് വിദേശ കപ്പലുകൾ വാടകയ്ക്കെടുത്ത് ഇന്ത്യൻ കമ്പനികൾ കേരളത്തിന്റെ ഉൾക്കടലിൽ ട്രോളിംഗ് നടത്തുന്നുണ്ടോ;

(സി) ഇത് സംസ്ഥാനത്തെ മത്സ്യബന്ധനബോട്ടുകളെ ഏതു വിധത്തിൽ ബാധിക്കുമെന്ന് പറയാമോ?

ഉത്തരം

(എ) വിദേശകപ്പലുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല. എന്നാൽ കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ 25-6-2003-ലെ 21045/1/2001 Fy (IND) ഉത്തരവുപ്രകാരം പതിനൊന്ന് ഇന്ത്യൻ കമ്പനികൾക്കായി മുപ്പത്തിരണ്ട് മത്സ്യബന്ധന യാനങ്ങൾക്ക് ഇന്ത്യയുടെ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിൽ മത്സ്യബന്ധനം നടത്തുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly